വാടകയ്ക്ക് കൊടുക്കുന്ന ധാരാളം ഏജൻസികൾ നമ്മുടെ നാട്ടിലുടനീളം പ്രവർത്തിച്ചുവരുന്നു. മോട്ടോർ വെഹിക്കിൾ ആക്ടിലെ എല്ലാ നിയമങ്ങളേയും ഇവർ കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ സാമൂഹ്യ വിപത്ത് ക്ഷണിച്ചുവരുത്തുന്നത്. ഇതിനെ നമ്മുടെ രാജ്യത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി മോട്ടോർ നിയമങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിച്ച്, അകാലത്തിൽ തങ്ങളുടെ പിഞ്ചുകുട്ടികളേയും വേണ്ടപ്പെട്ടവരേയുമൊക്കെ നഷ്ടപ്പെട്ട് ഹതഭാഗ്യരായിത്തീരുന്നവരെ, തീരാദുഃഖത്തിലാഴ്ത്തിത്തീർക്കുന്ന ഈ ദുരന്തത്തിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 1-2-2005-ന് സ്കൂട്ടറും ലോറിയും തമ്മിൽ ഇടിച്ചുണ്ടായ അപകടത്തെത്തുടർന്ന് നിഖിൽ എന്ന 15 വയസ്സുകാരനായ സ്കൂൾ വിദ്യാർത്ഥി മരിച്ചു. ലൈസൻസില്ലാതെയാണ് വാഹനം ഓടിച്ചിരുന്നത്. പക്ഷേ ഇവിടെ ലഭിച്ചിട്ടുള്ള റിക്കോർഡുകളിൽ കാണാൻ കഴിഞ്ഞത് ആ സ്കൂട്ടർ വാടകയ്ക്കെടുത്തതല്ല വിലയ്ക്കു വാങ്ങിയതാണെന്നാണ്. 8000 രൂപ കൊടുത്ത് മറ്റൊരാളിൽ നിന്നും വിലയ്ക്കു വാങ്ങിയ സ്കൂട്ടറാണ് നിഖിൽ ഓടിച്ചത്. അതുകൊണ്ട് സകൂട്ടർ ഉടമയുടെ പേരിൽ നടപടി എടുക്കുവാൻ നിർവ്വാഹമില്ല. ലൈസൻസില്ലാത്തവർക്ക് സംസ്ഥാനത്തിന്റെ പല ഭാഗത്തുനിന്നും വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതായി കാണുന്നുണ്ട്. അതു തടയുന്നതിന് ശക്തമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. ലൈസൻസില്ലാത്തവർക്ക് വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിന് അനുവദിക്കുകയില്ല.

## (13) വടക്കാഞ്ചേരി കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും മാറ്റിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട്-തൃശ്ശൂർ ദേശീയപാതയിൽ വളർന്നുവരുന്ന ഒരു പ്രധാനപ്പെട്ട ടൗണാണ് വടക്കാഞ്ചേരി. അതുപോലെതന്നെ തമിഴ്നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര കേന്ദ്രമായിട്ടുള്ള പൊള്ളാച്ചിയിൽനിന്നും കേരളത്തിലേക്കുള്ള പ്രവേശന കേന്ദ്രത്തിലെ പ്രധാനപ്പെട്ട പട്ടണമാണ് വടക്കാഞ്ചേരി. ഈ പരിഗണനയും ഈ മേഖലയിലെ ജനങ്ങളുടെ യാത്രാ ആവശ്യങ്ങൾ പരിഗണിച്ചുമാണ് വടക്കാഞ്ചേരിയിൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ പണ്ട് കെ.എസ്.ആർ.ടി.സി. ആരംഭിച്ചത്. ഈ ഓപ്പറേറ്റിംഗ് സെന്റർ ഫലപ്രദമായ രൂപത്തിൽ പ്രവർത്തിച്ചതിന്റെ ഭാഗമായി അതിനെ ഒരു സബ് ഡിപ്പോയാക്കി. സബ് ഡിപ്പോയായി പ്രവർത്തിച്ചപ്പോൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടിയതിന്റെ പേരിൽ രണ്ട് തവണ ഈ സബ് ഡിപ്പോക്ക് അവാർഡ് കിട്ടി അതിന്റെ അടിസ്ഥാനത്തിൽ 24 സർവ്വീസ് ഇവിടെ നിന്നും ഓപ്പറേറ്റു ചെയ്തിട്ടുണ്ടായിരുന്നു. അതിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

13 എണ്ണമായി കുറച്ചിരിക്കുകയാണ്. എന്നു മാത്രമല്ല ഈ ഡിപ്പോ സമീപ കാലത്ത് അടച്ചുപൂട്ടി. അവസാനം ശക്തമായ ജനകീയ സമ്മർദ്ദം വന്നപ്പോൾ വീണ്ടും തുറന്നു. എന്നിട്ടും നിർത്തലാക്കിയ, ബസ്സുകൾ വടക്കാഞ്ചേരി സബ് ഡിപ്പോയിലേക്ക് തിരികെ അനുവദിച്ചില്ല. ബഹുമാന്യനായ മന്ത്രി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു ശേഷം എല്ലാ എം.എൽ.എ. മാരോടും ആലോചിച്ച് അവർ പറയുന്ന കാര്യങ്ങളൊക്കെ ചെയ്തു കൊടുക്കുന്നുണ്ട്. വളരെ മാന്യമായ ഒരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. വടക്കാഞ്ചേരി സബ് ഡിപ്പോയിൽനിന്നും മാറ്റിക്കൊണ്ടുപോയ ബസ്സ് അവിടേയ്ക്കു തന്നെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി മന്ത്രിയുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. പാലക്കാട് എം.എൽ.എ. മാരുടെ യോഗം വിളിച്ചപ്പോൾ, ആ യോഗത്തിൽ ഞാൻ ഈ വിഷയം പറഞ്ഞതാണ്. അനുഭാവപൂർവ്വമായിട്ടുള്ള സമീപനം മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടായതാണ്. ബഹുമാന്യനായ മന്ത്രി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ഈ ഡിപ്പോയുടെ വികസനവുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ടിൽ നിന്നും ആവശ്യമായിട്ടുള്ള തുക അനുവദിക്കാൻ ഞാൻ തയ്യാറാണെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, വടക്കാഞ്ചേരിയിൽ സബ് ഡിപ്പോയല്ല ഓപ്പറേറ്റിംഗ് സെന്ററാണുള്ളത്. 2003-ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സെന്ററുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി വടക്കാഞ്ചേരിയിലെ ഓപ്പറേറ്റിംഗ് സെന്റർ അടച്ചു പൂട്ടുകയുണ്ടായി. എന്നാൽ ജനപ്രതിനിധികളുടേയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് അവിടെ ഓപ്പറേറ്റിംഗ് സെന്റർ പുനഃസ്ഥാപിച്ചു. 16 ഷെഡ്യൂൾ ഉണ്ടായിരുന്നത് മാറ്റിയെങ്കിലും 11 എണ്ണം അപ്പോൾത്തന്നെ കൊടുത്തു ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി രണ്ട് സർവ്വീസുകൾ കൂടി അനുവദിച്ചതുൾപ്പെടെ ഇപ്പോൾ 13 സർവ്വീസുകൾ അവിടെയുണ്ട്. അവിടെ നിന്നും ഒരു സൂപ്പർ ഫാസ്റ്റും ഒരു ഫാസ്റ്റ് പാസഞ്ചറും രണ്ട് ഡിപ്പോകളിലേക്ക് മാറ്റി. അതു തിരിച്ച് അവിടെ തന്നാൽ ഓപ്പറേറ്റു ചെയ്യുന്നതിനു ബുദ്ധിമുട്ടുണ്ടാകും. സ്പെയർ ബസ്സില്ലാത്തതു കാരണം ബസ്സിന് എന്തെങ്കിലും കുഴപ്പം വന്നാൽ അന്ന് സർവ്വീസ് നടക്കില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറോട് എനിക്കു പറയാനുള്ളത്, ഈ സൂപ്പർ ഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറും മറ്റു ഡിപ്പോകളിലേയ്ക്ക് മാറ്റിയത് അതേപടി നിലനിർത്തിക്കൊണ്ട്, മറ്റ് മൂന്ന് ഓർഡിനറി സർവ്വീസുകളിൽ രണ്ട് ഓർഡിനറി സർവ്വീസുകൾ പാലക്കാട്ടേയ്ക്കും ഒരു സർവ്വീസ് തൃശ്ശൂരിലേയ്ക്കും മാറ്റിയിട്ടുണ്ട്. അത് മൂന്നും വടക്കാഞ്ചേരിയിൽ ഉടനടി തിരിച്ചു നൽകാം. സൂപ്പർ ഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറും ഇപ്പോൾ കൊടുത്തിരിക്കുന്ന രണ്ട് ഡിപ്പോകളിൽ നിലനിൽക്കുന്നതായിരിക്കും നല്ലത്. അതു മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നതായിരിക്കും നല്ലത്. മറ്റു സർവ്വീസുകൾ ഉടൻ തന്നെ തിരിച്ചു വടക്കാഞ്ചേരിയിലേയ്ക്ക് നൽകാം.



LIBRARY ARCHIVES Kerala Legislative Assembly